പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 258

15.12.2015 - ൽ മറുപടിയ്ക്ക്

## കയർ തൊഴിലാളികളുടെ വിരമിക്കൽ വേതനം

| ചോദ്യം | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| ശ്രീ.കെ.ദാസൻ<br>" ജി.സുധാകരൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.എം.ആരിഫ് | |
| എ) കയർ തൊഴിലാളികളുടെ വിരമിക്കൽ വേതനം അനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത ഉത്തരവിന് എന്നുമുതൽ പ്രാബല്യമുണ്ട്; വ്യക്തമാക്കുമോ; | എ) 24.02.2011 ലെ GO(RT)No.283/2011/ID സർക്കാർ ഉത്തരവ് പ്രകാരമാണ് വിരമിക്കൽ ആനുകൂല്യം അനുവദിച്ചത്. പ്രസ്തുത ഉത്തരവിന് എന്നു മുതൽ പ്രാബല്യമു ണ്ട് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) എന്നു മുതൽ വിരമിച്ച തൊഴിലാളികൾക്കാണ് ഇത് കൊടുത്ത് തുടങ്ങിയത് ; വ്യക്തമാക്കുമോ; | ബി) 01.04.2006 മുതൽ 31.03.2011 വരെ വിരമിച്ചവർക്കാണ് വിരമിക്കൽ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. |
| സി) പ്രാബല്യപ്പെടുത്തിയതു മുതൽ നൽകി ത്തുടങ്ങിയതുവരെയുള്ള കാലത്ത് വിരമിച്ച വർക്ക് ഇപ്പോൾ പ്രസ്തുത വേതനം നൽകുന്നുണ്ടോയെന്ന വ്യക്തമാക്കുമോ; | സി) 01.04.2006 മുതൽ 31.03.2011 വരെയുള്ള കാലയളവിൽ വിരമിച്ചിട്ടുള്ളവരും ഈ ധനസഹായം കൈപ്പറ്റാത്തവരുമായവർക്ക് ടി ആനുകൂല്യം വിതരണം ചെയ്തു വരുന്നു. |
| ഡി) ഇതുമായി ബന്ധപ്പെട്ടുണ്ടായ സമരത്തെ തുടർന്നുണ്ടായ സർക്കാർ വാഗ്ദാനമെന്തായിരുന്നു; അത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) ഇതുമായി ബന്ധപ്പെട്ട് സമരവും തീരുമാനവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കയർ വികസനം - കേരള കയർ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള റിട്ടയർമെന്റ് ബെനിഫിറ്റ് പദ്ധതി - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ. (കൈ) നം. 283/2011/വ്യവ. തിയതി, തിരുവനന്തപുരം, 24.02.2011

---

പരാമർശം :- കയർ വികസന ഡയറക്ടറുടെ 14.01.2011 ലെ സി.പി.5/4576/10 നമ്പർ കത്ത്.

## ഉത്തരവ്

1998 ലെ കേരള കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി നിയമം സെക്ഷൻ 3(4) (ba) പ്രകാരം ക്ഷേമനിധിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് അംഗത്വ പെൻഷനും കുടുംബ പെൻഷനും കൂടാതെ റിട്ടയർമെന്റ് ബെനിഫിറ്റ് കൂടി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമവ്യവസ്ഥ പ്രകാരം ക്ഷേമനിധിയിൽ നിന്നും നിയമപ്രകാരം വിരമിക്കുന്ന അംഗങ്ങൾക്ക് പെൻഷന് പുറമെ റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ കത്ത് പ്രകാരം കയർ വികസന ഡയറക്ടർ സമർപ്പിച്ചിരുന്നു.

ടി പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന വ്യവസ്ഥകളോടെ ടി പദ്ധതി അംഗീകരിച്ച് ഉത്തരവാകുന്നു.

1. കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി ചേർന്ന് വിഹിതം അടച്ചുവരുന്ന സജീവ അംഗത്വമുള്ള ഒരു തൊഴിലാളി 60 വയസ് പൂർത്തിയാക്കി നിയമപ്രകാരം നിധിയിൽ നിന്നും വിരമിക്കുമ്പോൾ മിനിമം റിട്ടയർമെന്റ് ബെനിഫിറ്റായി 2500/- രൂപ ലഭിക്കുന്ന വിധത്തിൽ ആദ്യ 5 വർഷ സർവീസിന് 2500/- രൂപയും തുടർന്ന് വരുന്ന ഓരോ വർഷം സർവ്വീസിനും 500/- രൂപ ക്രമത്തിൽ പെൻഷന് പുറമേ ഒറ്റത്തവണയായി റിട്ടയർമെന്റ് ബെനിഫിറ്റ് നൽകുന്നതാണ്.

2. നിയമപ്രകാരം നിധിയിലെ ഏറ്റവും കുറഞ്ഞ ദൈർഘ്യ കാലയളവ് 5 വർഷവും ഏറ്റവും കൂടിയത് 42 വർഷവുമാണ്. എന്നാൽ റിട്ടയർമെന്റ് ബെനിഫിറ്റ് നൽകുന്നതിനായി കണക്കാക്കാവുന്ന പരമാവധി സാധുവായ കാലയളവ് 30 വർഷമായിരിക്കും.

3. ഇതനുസരിച്ച് ഏറ്റവും കുറഞ്ഞ റിട്ടയർമെന്റ് ബെനിഫിറ്റ് 2500/- രൂപയും പരമാവധി തുക 15000/- രൂപയും ആയിരിക്കുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്. രാജശേഖർ
അണ്ടർ സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, വെള്ളയമ്പലം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

അംഗീകാരത്തിന്
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ